മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി

7 (7304) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് മഹാത്മാ ഗാന്ധി തൊഴിലുറപ്പു പദ്ധതി കാര്യക്ഷമമായും പ്രായോഗികമായും നിർവ്വഹിക്കുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് തയ്യാറാക്കിയതെന്ന് വിശദമാക്കാമോ ;

(ബി) മെറ്റീരിയൽ കോസ്റ്റ് ഉപയോഗിച്ച് സ്ഥിരമായ ആസ്തികൾ നിർമ്മിക്കാൻ അനുമതി നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം ഒരുക്കങ്ങൾ നടത്തിയിട്ടുണ്ടെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി) ഉണ്ട്. തൊഴിലുറപ്പ് പദ്ധതിയിൽ ഈടുറ്റതും ഉല്പാദനക്ഷമവുമായ ആസ്തികൾ സൃഷ്ടിക്കുന്നതിന് സാധനസാമഗ്രികളുടെ വാങ്ങൽ, സംഭരണം, വിനിയോഗം എന്നിവ സുതാര്യവും കാര്യക്ഷമവുമായി നിർവ്വഹിക്കുന്നതിനാവശ്യമായ വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

(ഡി) അനുബന്ധം III ആയി ചേർത്തിരിക്കുന്നു.*

തൊഴിലുറപ്പ് തൊഴിലാളികളുടെ ആവശ്യങ്ങൾ സംബന്ധിച്ച് എൻ.ആർ.ഇ.ജി. വർക്കേഴ്സ് യൂണിയന്റെ നിവേദനം

8 (7305) ശ്രീമതി കെ. കെ. ലതിക :
ശ്രീ. ബി. സത്യൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലുറപ്പ് തൊഴിലാളികളുടെ ആവശ്യങ്ങൾ സംബന്ധിച്ച് എൻ.ആർ.ഇ.ജി. വർക്കേഴ്സ് യൂണിയന്റെ നേതൃത്വത്തിൽ നിവേദനം സമർപ്പിച്ചിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിവേദനത്തിലെ പ്രധാന ആവശ്യങ്ങൾ എന്തെല്ലാമാണ് ;

(സി) നിവേദനത്തിലെ ആവശ്യങ്ങളോടുള്ള നിലപാട് അറിയിക്കാമോ ?

ഉത്തരം

(എ-ബി) ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) പരിശോധിച്ചുവരുന്നു.

തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പ്

9 (7306) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പ് കാര്യക്ഷമമാണോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ അത് സംബന്ധിച്ച വിശദവിവരം നല്കാമോ ;

(ബി) കേന്ദ്രസർക്കാരിൽനിന്നുള്ള 3-1-2014-ലെ എസ്.ഒ. 19(ഇ) നമ്പർ വിജ്ഞാപനപ്രകാരം ഏതെല്ലാം മേഖലകളിലേക്ക് ഈ പദ്ധതി വ്യാപിപ്പിക്കുന്നതിനാണ് നിർദ്ദേശം ലഭിച്ചിട്ടുള്ളത് ; അതുപ്രകാരം എന്തൊക്കെ നടപടികൾ സ്വീകരിച്ചു ;

(സി) 2012-13, 2013-14 എന്നീ വർഷങ്ങളിൽ തൊഴിലുറപ്പ് പദ്ധതിക്കായി എന്തു തുക ചെലവഴിച്ചിട്ടുണ്ട് ; ഈ വർഷങ്ങളിൽ തൊഴിലാളികൾക്ക് കൂലി ഇനത്തിൽ കുടിശ്ശികയായിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകാമോ ?

ഉത്തരം

(എ) പരിശോധിച്ചിട്ടുണ്ട്. പദ്ധതിയുടെ ആസൂത്രണ നിർവ്വഹണം, മോണിറ്ററിംഗ്, പരാതിപരിഹാരം, സോഷ്യൽ ഓഡിറ്റ് തുടങ്ങിയ എല്ലാ ഘടകങ്ങളും സുതാര്യവും അഴിമതിരഹിതവും കാര്യക്ഷമമവുമായി നിർവ്വഹിക്കാനാവശ്യമായ സംഘടനാ സംവിധാനങ്ങൾ ഗ്രാമപഞ്ചായത്ത്, ബ്ലോക്ക്, ജില്ലാ, സംസ്ഥാനതലങ്ങളിൽ സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ ഒന്നും രണ്ടും ഘട്ട ജില്ലകളിൽ (വയനാട്, പാലക്കാട്, ഇടുക്കി, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കാസർഗോഡ്) വിലയിരുത്തൽ പഠനങ്ങൾ നടത്തുകയും പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരികയാണ്. മൂന്നാംഘട്ടത്തിൽ പദ്ധതി ആരംഭിച്ച 10 ജില്ലകളിൽ (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, മലപ്പുറം, കോഴിക്കോട്, കണ്ണൂർ)

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly